## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 554 — 11.12.2012 ൽ മറുപടിക്ക്

### വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ ഫാക്ടറി

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | ഉത്തരം<br>സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ ഫാക്ടറി അടച്ചു പൂട്ടുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ വകുപ്പോ, ബോർഡോ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടു കൂടിയാണോ പ്രസ്തുത ഫാക്ടറി പ്രവർത്തിച്ചു കൊണ്ടിരുന്നത്; | (സി) യും (ഡി) യും 28.02.2009 വരെ വിളപ്പിൽശാലയിലെ നഗരമാലിന്യ സംസ്കരണ പ്ലാന്റിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തന അനുമതി നല്കിയിരുന്നു. അതിനുശേഷം പ്രവർത്തനാനുമതി തേടിയിട്ടില്ല. എന്നാൽ പ്ലാന്റിനോടനുബന്ധിച്ച് ലീച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, സാനിറ്ററി ലാൻഡ് ഫിൽ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി തേടുകയും, അവ ബോർഡ് നല്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത അനുമതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ